പോലീസ് സബ്ഇൻസ്പെക്ടർമാരുടെ പ്രമോഷൻ

1209. [1645] ശ്രീ. വി. ജെ. തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) പോലീസ് വകുപ്പിൽ ഡി.പി.സി. അവസാനമായി കൂടിയത് എന്നായിരുന്നു ;

(ബി) കഴിഞ്ഞ ഡി. പി. സി. യോഗത്തിൽ പോലീസ് സബ് ഇൻസ്പെക്ടർമാരെ സർക്കിൾ ഇൻസ്പെക്ടർമാരായി പ്രൊമോഷൻ നൽകുന്നതിനു തീരുമാനിച്ചിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ എത്രപേരെ ;

(ഡി) കഴിഞ്ഞ ഡി. പി. സി. യിൽ പ്രൊമോഷൻ നൽകാൻ തീരുമാനിച്ചു കഴിഞ്ഞിരുന്ന സബ് ഇൻസ്പെക്ടർമാർ എല്ലാം തന്നെ കയറ്റം നൽകി നിയമിക്കപ്പെട്ടു കഴിഞ്ഞിട്ടുണ്ടോ ;

(ഇ) ഡി. പി. സി. കൂടാൻ കാലതാമസം വരുന്നതു കാരണം പ്രമോഷൻ ലഭിക്കാൻ അർഹതയും സർവ്വീസുമുള്ള സബ് ഇൻസ്പെക്ടർമാർക്ക് പ്രമോഷൻ ലഭിക്കാൻ കാലതാമസം നേരിടുന്നു എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ഉത്തരം

(എ) 8-7-1985-ൽ.

(ബി) ഉണ്ട്.

(സി) (ഡി) 8-7-1985-ലെ ഡി. പി. സി. മീറ്റിംഗിന്റെ മിനിട്സ് അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ലാത്തതിനാൽ, വിശദ വിവരങ്ങൾ ലഭ്യമല്ല.

(ഇ) ഡി. പി. സി. കൂടുന്നതിൽ കാലതാമസമുണ്ടാകുന്നില്ല.

മജിസ്ട്രേട്ടുമാരുടെ നിയമനം

1210 [1646] ശ്രീ. വി. ജെ. തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) കഴിഞ്ഞ ഡിസംബർ 31 വരെ സബോർഡിനേറ്റ് ജുഡീഷ്യറിയിൽ മജിസ്ട്രേട്ടുമാരെ താൽക്കാലികമായി നിയമിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എത്ര ; ഇവരിൽ ആരെയെങ്കിലും പി. എസ്. സി. തെരഞ്ഞെടുത്തിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്ര ;

(സി) അപ്രകാരം തെരഞ്ഞെടുത്തവരെ സ്ഥിരപ്പെടുത്തിയിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ എന്നുമുതൽ ; സ്ഥിരപ്പെടുത്തിയ തീയതിവരെ താൽക്കാലികമായി നിയമിക്കപ്പെട്ടവർ ജോലി ചെയ്തിട്ടുണ്ടോ ;

(ഇ) ഉണ്ടെങ്കിൽ അങ്ങനെ ജോലി ചെയ്ത കാലത്തെ ശമ്പളം അവർക്ക് നൽകിയിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) 1984-ൽ 16 പേർക്ക് പുതിയതായി താൽക്കാലിക നിയമനം നൽകിയിട്ടുണ്ട്. ഇവരിൽ രണ്ടുപേരെ പി. എസ്. സി. തെരഞ്ഞെടുത്തിട്ടുണ്ട്.

(സി) പി. എസ്. സി. വഴി തെരഞ്ഞെടുത്തവർക്ക് റഗുലർ നിയമനം നൽകിയിട്ടുണ്ട്;

(ഡി) പി. എസ്. സി. ഉപദേശിച്ച തീയതി മുതൽ അതുവരെ അവർ ജോലി ചെയ്തിട്ടുണ്ട്.

(ഇ) ശമ്പളം നൽകുന്നതിലേക്കായുള്ള ഉത്തരവ് 5-7-1985-ന് നൽകിയിട്ടുണ്ട്.

ചന്ദ്രശേഖരൻ നായർ സ്റ്റേഡിയത്തിലെ പരസ്യ ബോർഡുകൾ സ്ഥാപിക്കുന്നതിനുള്ള ടെൻഡർ

1211. [1647] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചന്ദ്രശേഖരൻ നായർ സ്റ്റേഡിയത്തിൽ പരസ്യബോർഡുകൾ സ്ഥാപിക്കുന്നതിന് ടെൻഡർ ക്ഷണിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ എത്ര പരസ്യ കമ്പനികൾ ടെൻഡർ നൽകി ;

(സി) അവർ ആരൊക്കെ ;

(ഡി) ഏറ്റവും കുറഞ്ഞ ടെൻഡർ തുകയെത്ര ; ഏറ്റവും കൂടിയ ടെൻഡർ തുകയെത്ര ;

(ഇ) ടെൻഡർ വിളിച്ചിട്ടില്ലായെങ്കിൽ ഇപ്പോൾ പരസ്യ ബോർഡുകൾ സ്ഥാപിക്കുന്നത് ഏത് കമ്പനിയാണ്;

(എഫ്) ഈ പരസ്യ ബോർഡുകൾ സ്ഥാപിക്കുന്നതുവഴി എന്തു തുക കിട്ടി ?

ഉത്തരം

(എ) ഉണ്ട്.

(ബി) മൂന്ന്.

(സി) 1. "വെൺപകൽ" മോഹൻലാൽഡ് സ് ബിൽഡിംഗ്സ്, സ്റ്റാച്യു റോഡ്, തിരുവനന്തപുരം.

2. "മിറർ പബ്ലിസിറ്റി" വഴുതക്കാട്, തിരുവനന്തപുരം.

3. "ശ്രേയസ് അഡ്വർടൈസിംഗ് ബ്യൂറോ" നന്ദാവനം, പാളയം, തിരുവനന്തപുരം.

(ഡി) 47,307 രൂപ (കുറഞ്ഞത്)
1,43,500 രൂപ (കൂടിയത്)

(ഇ) ഉദിക്കുന്നില്ല.

(എഫ്) യഥാർത്ഥത്തിൽ വച്ചിട്ടുള്ള പരസ്യങ്ങളുടെ അടിസ്ഥാനത്തിൽ മൊത്തം കിട്ടേണ്ട തുക കണക്കാക്കി വരുന്നു. എന്നാൽ ഇതിനകം 36,000 രൂപ കിട്ടിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly